പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4577

17.12.2014-ലെ മറുപടിയ്ക്ക്

## ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾക്കായി ഇതേവരെ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ് എന്ന് വ്യക്തമാക്കാമോ; | (എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ 97,12,800/- രൂപയ്ക്കും, രണ്ടാം ഘട്ടത്തിനായി 75,85,000/- രൂപയ്ക്കും, മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണച്ചുമതല സിഡ്കോയ്ക്കാണ്. |
| (ബി) പ്രസ്തുത തുകയുപയോഗിച്ച് ഓരോ ടൂറിസം പദ്ധതിയിലും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഓരോ പദ്ധതിക്കും എത്ര വീതം തുകയായിരുന്നു മാറ്റിവെച്ചിരുന്നത്; ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഇനിയും ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) പെരുന്തേനരുവിയിൽ കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ടോയിലറ്റ്, റസ്റ്റോറന്റ് തുടങ്ങിയവ ഉൾപ്പെടുന്ന ഒരു വൻ പദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നത്. പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടത്തിലായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, പാർക്കിംഗ്, സ്നാക്ക് ബാർ, പവലിയൻ, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 19.08.2014-ൽ പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ അനുവദിച്ച തുകയിൽ നിലവിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയത്. മണിയാർ ടൂറിസം പദ്ധതിയിൽ ഒന്നാം ഘട്ടമായി പാർക്കിന്റെ നവീകരണം, ലാന്റ് സ്കേപ്പ്, ടോയിലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ വൈദ്യുത-ജല സംവിധാനങ്ങൾ പെയിന്റിംഗ് എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്.

പദ്ധതി പ്രദേശത്തെ പാറ പൊട്ടിച്ച് നീക്കം ചെയ്യാനുള്ള അനുമതി ലഭിയ്ക്കാൻ കാലതാമസം നേരിട്ട തിനാലാണ് പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

| | |
|---|---|
| (സി) ഓരോ ടൂറിസം പദ്ധതിയുടെയും പൂർത്തീകരണത്തിനായി എത്ര വീതം തുകകളാണ് ഇനി വേണ്ടത്; ഇതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതികളുടെ അടുത്ത ഘട്ടം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന തിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ കുമാർ ഗ്രൂപ്പ്, കൊച്ചി; പി.സി.റഷീദ് അസോസിയേറ്റ്, കോഴിക്കോട് എന്നിവരെ യഥാക്രമം ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ